**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1675** **19-09-2025 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭൂമിയിലെ അപകടകരമായ മരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റവന്യൂ ഭൂമിയിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ തീരുമാനമാകാത്ത എത്ര അപേക്ഷകളുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | അനുബന്ധം - I ആയി ചേർക്കുന്നു. |
| (ബി) | ദുരന്തനിവാരണ നിയമപ്രകാരം ആവശ്യമായ ഫണ്ട് അനുവദിക്കണമെന്നാവശ്യപ്പെട്ട് ബന്ധപ്പെട്ട തഹസിൽദാർമാർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | അനുബന്ധം - II ആയി ചേർക്കുന്നു. |
| (സി) | അതിന്മേൽ നാളിതുവരെ ഫണ്ട് അനുവദിക്കാത്തതിന്റെ പ്രധാന കാരണം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ആലപ്പുഴ, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകൾക്ക് തുക അനുവദിച്ച് നൽകിയിട്ടുണ്ട്. പത്തനംതിട്ട, തൃശ്ശൂർ, വയനാട് എന്നീ ജില്ലകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുയർത്തുന്ന അപകടകരമായ മരങ്ങൾ ഉടൻ വെട്ടിമാറ്റാൻ അടിയന്തരമായി ആവശ്യമായ ഫണ്ട് അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | അപകടകരമായ മരങ്ങളും മരച്ചില്ലകളും കണ്ടെത്തി മുറിച്ച് മാറ്റുവാൻ ദുരന്ത നിവാരണ നിയമം പ്രകാരം എല്ലാ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകണമെന്നും ഇതിനായി വകുപ്പുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വന്തമായി പണം കണ്ടെത്തണം എന്നും ഓറഞ്ച് ബുക്ക് 2025 ൽ നിർദ്ദേശമുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ക്രമ. നമ്പർ | ജില്ല | തീരുമാനമാകാത്ത അപേക്ഷകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 4 |
| 2 | കൊല്ലം | 5 |
| 3 | പത്തനംതിട്ട | 10 |
| 4 | ആലപ്പുഴ | NIL |
| 5 | കോട്ടയം | NIL |
| 6 | ഇടുക്കി | NIL |
| 7 | എറണാകുളം | 11 |
| 8 | തൃശ്ശൂർ | 18 |
| 9 | പാലക്കാട് | NIL |
| 10 | മലപ്പുറം | 28 |
| 11 | കോഴിക്കോട് | 175 |
| 12 | വയനാട് | 144 |
| 13 | കണ്ണൂർ | 7 |
| 14 | കാസർഗോഡ് | NIL |

## അനുബന്ധം - II

| ജില്ല | ഫണ്ട് |
|---|---|
| പത്തനംതിട്ട | 1,00,000/- |
| ആലപ്പുഴ | 1,35,000/– |
| എറണാകുളം | 78,75,000/– |
| തൃശ്ശൂർ | 2,00,000/- |
| പാലക്കാട് | 2,00,000/- |
| മലപ്പുറം | 10,00,000/– |
| കോഴിക്കോട് | 5,00,000/- |
| വയനാട് | 3,00,00,000/– |